12279
21/11/14

# കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - നിയമനാംഗീകാരം - ശ്രീമതി.ബിനി സൂസൻ ജോൺ, എൽ.പി.എസ്.എ, സി.എം.എസ്.എൽ.പി.സ്കൂൾ, മുല്ലയ്ക്കൽ, ആലപ്പുഴ - കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എച്ച്) വകുപ്പ്**

**സ.ഉ(സാധാ)നം.5026/14/പൊ.വി. തിരുവനന്തപുരം, തീയതി 17/11/2014**

---

പരാമർശം :- (1) 25.10.2011-ലെ 60930/ജെ2/11/പൊ.വി നമ്പർ കത്ത്.
(2) ആലപ്പുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.10.2012-ലെ സി/2032/2012/ഡി.ഡിസ് നമ്പർ ഉത്തരവ്.
(3) ആലപ്പുഴ ജില്ലാ വിദ്യഭ്യാസ ഓഫീസറുടെ 15.02.2013-ലെ ബി5/9500/12/അ.തീ നമ്പർ ഉത്തരവ്.
(4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.12.2013-ലെ എഫ്3/38841/13/ഡിപിഐ/കെ.ഡിസ് നമ്പർ ഉത്തരവ്.
(5) സി.എം.എസ്.സ്കൂൾസ്, മധ്യകേരള അതിരൂപതാ കോർപ്പറേറ്റ് മാനേജർ, സമർപ്പിച്ച് 20.01.2014-ലെ 41/2014 നമ്പർ റിവിഷൻ ഹർജി.
(6) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.06.2014-ലെ എഫ്3/19803/14/ഡിപിഐ/കെ.ഡിസ് നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ മുല്ലയ്ക്കൽ സി.എം.എസ്. എൽ.പി.സ്കൂളിലെ എൽ.പി.എസ്.എ ആയ ശ്രീ.ലൈജു.കെ.ചാണ്ടി 03.09.2012 മുതൽ 21.12.2012 വരെ അർദ്ധ വേതനാവധിയിൽ പ്രവേശിച്ച ഒഴിവിൽ ശ്രീമതി.ബിനി സൂസൻ ജോണിനെ 03.09.2012 മുതൽ 21.12.2012 വരെ എൽ.പി.എസ്.എ ആയി ദിവസവേതനാടിസ്ഥാനത്തിൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചുവെങ്കിലും, സ്കൂൾ അൺ-ഇക്കണോമിക് ആയതിനാൽ നിയമനാംഗീകാരം നൽകുന്നതിന് നിലവിൽ നിയമങ്ങൾ ഇല്ലെന്ന കാരണത്താൽ ആലപ്പുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത നിയമനം പരാമർശം (2) പ്രകാരം നിരസിച്ചു. ഇതിനെതിരെ സമർപ്പിച്ച അപ്പീലുകളും ഇതേ കാരണത്താൽ ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും യഥാക്രമം പരാമർശം (3), (4) പ്രകാരം നിരസിച്ചു. പരാമർശം (1)-ലെ ഖണ്ഡിക ഡി-യിൽ 01.10.2011-ന് ശേഷം അവധി ഒഴിവിൽ നിയമിച്ച നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപക ബാങ്ക് നിലവിൽ വരുന്നതുവരെ അംഗീകരിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ബിനി സൂസൻ ജോണിന്റെ നിയമനം അംഗീകരിക്കണമെന്നും ആവശ്യപ്പെട്ട് കോർപ്പറേറ്റ് മാനേജർ പരാമർശം (5) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2) റിവിഷൻ ഹർജിയിലെ ആവശ്യം നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിൽ പരിശോധിച്ചു. ഹ്രസ്വകാല ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാമെന്നതിനാൽ, അൺ-ഇക്കണോമിക് സ്കൂളായ മുല്ലയ്ക്കൽ സി.എം.എസ്.എൽ.പി.സ്കൂളിലെ എൽ.പി.എസ്.എ ആയ ശ്രീമതി.ബിനി സൂസൻ ജോണിന്റെ 03.09.2012 മുതൽ 21.12.2012 വരെയുള്ള നിയമനം, ടിയാൾ മറ്റ് തരത്തിൽ അർഹയാണെങ്കിൽ, ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകുവാൻ ആലപ്പുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഇതിനാൽ നിർദ്ദേശം നൽകികൊണ്ട് പരാമർശം (5)-ലെ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ.ആനന്ദവല്ലി**

**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

കോർപ്പറേറ്റ് മാനേജർ, സി.എം.എസ്.സ്കൂൾസ്, മധ്യകേരള അതിരൂപത, ബിഷപ് ഗിൽ മെമ്മോറിയൽ ബിൽഡിംഗ്, കത്തീഡ്രൽ റോഡ്, കോട്ടയം - 686 001.

ശ്രീമതി.ബിനി സൂസൻ ജോൺ, എൽ.പി.എസ്.എ, സി.എം.എസ്. എൽ.പി.സ്കൂൾ, മുല്ലയ്ക്കൽ, ആലപ്പുഴ. ***(മാനേജർ മുഖേന).***

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലപ്പുഴ.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലപ്പുഴ.

പ്രധമാദ്ധ്യാപകൻ, സി.എം.എസ്. എൽ.പി.സ്കൂൾ, മുല്ലയ്ക്കൽ, ആലപ്പുഴ.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ് *(26.09.2014-ലെ 40913/ജെ1/14/പൊ.വി പ്രകാരം).*

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ